


# കാഞ്ഞിരച്ചോട്ടിൽ




കാഞ്ഞിര
ച്ചോട്ടിൽ


കാഞ്ഞിരച്ചോട്ടിൽ

## ഉള്ളടക്കം

*കവിത- കേരള നാട് -ഗംഗാ കൃഷ്ണ -6*

*കഥ - അഹങ്കാരിയും വേലക്കാരിയും - ഋതു ലക്ഷ്മി -7-8*

***story- new kerala of children -Muhammad sahad -9***

*കവിത - കാരുണ്യക്കടലാണെന്നമ്മെന്നമ്മ - മുഹമ്മദ് സഹദ് -10*

***story- The Flood- Anjana.K-12***

*കഥ - വീട്ടിലെ നിശബ്ദത - ദേവനന്ദ -14*

*കവിത -ഓർമ്മ – അശ്വതി . പി . വി -15*

*ലേഖനം - പുകവലി ആരോഗ്യത്തിന് ഹാനികരം - രഘു . ടി . വി -17*

*ലേഖനം - അനാഥമാകുന്ന വാർദ്ധക്യം -18*

*കവിത - അമ്മയെ സ്നേഹിക്കാം - ശ്രീഷ്മ വി . വി -23*

*കവിത - മഴ മണ്ണിലേക്ക് ഷോഹിമ . എം . എസ് -24*

*കഥ - മ ധുരം കിനിയും കൽകഷണം - ഗംഗ കൃഷ്ണ -25*

*കവിത -എൻെ നാട് - അനാമിക അനിൽ -26*

***എഡിറ്റർ :- സിനാൻ . പി --9A***

***അഞ്ജന . കെ--9B***

***ഉണ്ണിമായ . ടി കെ--9A***

***ഹൃത്വിക് . സി കെ--9B***

***തീർത്ഥ മനോഹർ . ടി വി--9A***

***ഐശ്വര്യ . പി വി--9B***



***<u>ഉപദേശക സമിതി</u>***

***രേഷ്മ എം ( ഹെഡ്മിസ്ട്രസ്സ് )***

***കെ . വി . രാജേഷ്***

***രഘു . ടി വി***

***രജിത . പി വി***

***രമ്യ . സി കെ***

***പ്രീത . കെ എം***



## ആമുഖം

കാഞ്ഞിരമരത്തിൻറെ കയ്പ്പിനെ മധുരതരമാക്കാൻ .....
ബാലമനസ്സിൻറെ ഭാവനകൾക്ക് ചിറക്പടർത്താൻ ......
കുഞ്ഞികിളികളുടെ കൂട്ടായ്മകൾക്ക് നിറം പകരാൻ ഈ അക്ഷരക്കൂട്ടുകൾക്ക് ...



# കേരള നാട്

കേരവൃക്ഷങ്ങൾ നിറഞ്ഞൊരു നാട്
കേരളമെന്നൊരു പുണ്യനാട്

കർഷകൻ പൊന്നു വിളയിക്കും നാട്
കവികോകിലങ്ങൾ നിറയുന്ന നാട്

ദൈവങ്ങൾക്കെന്നും പ്രിയപ്പെട്ട നാട്

## ദേവരാഗത്തിൻെറ കേരള നാട്

ചിറകുള്ള ദേവതയാം പക്ഷികൾ
ചേക്കേറിവാഴുന്ന നാട്

മണമുള്ള പൂക്കൾ വിരിയുന്ന നാട്
നിറമുള്ള ശലഭങ്ങൾ പാറുന്ന നാട്

പെറ്റമ്മയാണെൻെറ കേരള നാട്
പ്രകൃതി കനിയുന്ന കേരള നാട്

പ്രകൃതിയെ പച്ച നിയ്ക്കുന്ന നാട്
പ്രകൃതിയുടെ കണ്ണുനീരൊപ്പുന്ന നാട്

പെറ്റമ്മയാണെൻെറ നാട്
പെറ്റമ്മയാണെൻെറ നാട്

Ganga krishna
5th A

# എന്റെ കഥ

## അഹൻകാരിയും വേലക്കാരിയും

ഒരിടത്തൊരിടത്ത് ചിത്തിപുരം എന്നൊരു നാട്ടുണ്ടായിരുന്നു.ആ നാട്ടിൽ വലിയൊരു കൊട്ടാരമുണ്ടായിരുന്നു.ആ കൊട്ടാരത്തിലൊരു രാജകുമാരി ഉണ്ടായിരുന്നു.അവൾ മഹാ അഹൻകാരിയും ധിക്കാരിയും ആയിരുന്നു.അവളുടെ പേര് ഗീത എന്നായിരുന്നു. അവിടെ ഒരു വേലക്കാരി ഉണ്ടായിരുന്നു. അമ്മിണിയമ്മ, പാവം അമ്മിണിയമ്മ.ചെറിയ കാര്യത്തിനു പോലും അവൾ അമ്മിണിയമ്മയെ വഴക്കു പറയും.ഉപദ്രവിക്കും....പക്ഷെ, രാജാവിനും റാണിക്കും അമ്മിണിയമ്മയുടെ ഭക്ഷണം വളരെ ഇഷ്ടമാണ്. ഒരു ദിവസം ഗീത അമ്മിണിമ്മ ഉണ്ടാക്കിയ ഭക്ഷണത്തിൽ ഒരുപാട് ഉപ്പ് വാരി വിതറി.പാവം അമ്മിണിയമ്മ ഇതൊന്നും അറിയാതെ ആ ഭക്ഷണം രാജാവിനും റാണിക്കും ഗീതയ്ക്കും കൊടുത്തു.ഗീത ദേഷ്യപ്പെട്ട് ആ ഭക്ഷണംഅമ്മിണിയമ്മയുടെ മുഖത്തേക്കെറിഞ്ഞു. മുഖമാകെ പൊള്ളി..അമ്മിണിയമ്മ നിലവിളിച്ച് ഓടി.....പിന്നീട് അമ്മിണിയമ്മ പറഞ്ഞു,

"ഈ ഭക്ഷണം ഞാൻ ഉണ്ടാക്കിയതല്ല....

ഇതിൽ ആരോ ഉപ്പ് ചേർത്തിട്ടുണ്ട്.....

ഞാൻ ഇനി ഈ കൊട്ടാരത്തിൽ നിൽക്കില്ല........"

ഇതും പറഞ്ഞ് അമ്മിണിയമ്മ കൊട്ടാരം വിട്ട് പോയി.

ഇത് കേട്ട രാജാവിന് വിഷമമായി.രാജാവിനും റാണിക്കും ഒരു സംശയം തോന്നി.അപ്പോൾ രാജാവ് പറഞ്ഞു,

"ആരവിടെ, അമ്മിണിയമ്മയല്ലാതെ അടുക്കളയിൽ ആരൊക്കെയാണ് കയറിയത് ?"

അപ്പോൾ എല്ലാവർക്കും മനസ്സിലായി ഗീതയാണ് ഭക്ഷണത്തിൽ ഉപ്പ് ചേർത്തത് എന്ന്.ദേഷ്യം വന്ന രാജാവ് ഗീതയെ ഒരു ഇരുട്ടു മുറിയിൽ അടച്ചിട്ട് രണ്ട് ദിവസം പട്ടിണിക്കിട്ടു. എന്നിട്ട് രാജാവ് അമ്മിണിയമ്മയുടെ കുടിലിലിൽ പോകുകയും അമ്മിണിയമ്മയ്ക്ക് സ്വർണ്ണവും പണവും നൽകുകയും ചെയ്തു. എന്നിട്ട് അമ്മിണിയമ്മയെ തിരിച്ച് കൊട്ടാരത്തിലേക്ക് കൊണ്ടുവന്നു.

അമ്മിണിയമ്മ ചോദിച്ചു,

"എവിടെ ഗീത?"

"അവളെ ഇരുട്ടു മുറിയിൽ അടച്ചിരിക്കുകയാണ്"

രാജാവ് പറഞ്ഞു.

അമ്മിണിയമ്മയുടെ നിർദ്ദേശം അനുസരിച്ച് ഗീതയെ ശിക്ഷയിൽ നിന്ന് മോചിപ്പിച്ചു. അമ്മിണിയമ്മയുടെ സ്നേഹം മനസ്സിലാക്കിയ ഗീത അമ്മിണിയമ്മയോട് മാപ്പ് ചോദിച്ചു. അന്നു മുതൽ ഗീത നല്ല കുട്ടിയായി.

ഋതു ലക്ഷ്മി

**5 A**

ജി.എച്ച്.എസ്. കാഞ്ഞിരപ്പൊയിൽ

# ***NEW KERALA OF CHILDREN***

*Children are the flowers of future.Role of children in re-building kerala is very importent.Children can make a beautiful kerala.*

*We faced a flood.But we didn't thought what is the reoson ?We are destroying the nature. What man has mode of man? Man has do all crualities to nature and killing the nature.It is reoson of it.Our kerala is known as "God's on cuntry".But now it is fully destroyed.Our beautiful kerala become untidy because of the human crualities.*

*The new jeneration must think of it and save the nature.We must love nature.We must live harmony with nature.We should re-build our kerala.Beautiful,kerala.*
*Children can do it.*

*There are somany waste in our kerala after the flood.We must plant trees.Save nature and save our life.*

*Children can make a beautiful kerala.We must do it.We shall live harmony with nature and live happily.*

By
Muhammad shahad
**10-B**

# കാരുണ്യക്കടലാണെന്നമെന്നമ്മ

കരഞ്ഞുകലങ്ങിയ ആ നേത്രത്തിൽ
മുഷിഞ്ഞു വിയർത്ത ആ വസ്ത്രത്തിൽ
പുത്രന്മാർക്കൊരു പുതു ജീവൻ
നൽകുന്ന പാത്രമണെന്നമമ്മ

ആ അമ്മയോടത്ര ക്രൂരത
നാം കാട്ടുമെത്ര കാലം
എത്രയായിരം വേദനകൾ
എത്രനാൾ സഹിക്കും ആ പാവം?

എത്ര കാലം നമ്മെ വളർത്തി
എത്ര കാലം സംരക്ഷിച്ചു
എത്ര സുഖങ്ങൾ നേടിത്തന്നു
പക്ഷെ നമ്മൾ നൽകിയതോ?

അടിമയെപ്പോലെയും ഒരാ
യയെപ്പോലെയും നമ്മൾ
എത്ര നാൾ പണിയെടുപ്പിക്കും
ആ പാവം ആമ്മയോ?

വേണ്ടതെന്തോ അത് വാങ്ങിയും
ആഹാരമേതോ അത് ഭക്ഷിപ്പിച്ചും
എല്ലാ സ്വാതന്ത്ര്യവും തന്ന് പോറ്റിയ
കരുണാനിധിമാണെന്നമ്മ

ഗവ ഹൈസ്ക്കൂൾ കാഞ്ഞിരപ്പൊയിൽ

പക്ഷെ നമ്മൾ നൽകിയതോ

പീഢനവും ശകാരവും അവസാനം

ആ അമ്മയുടെ ജീവിതം

നിർഭയം ഒരു നിലവിളിയാലൊതുങ്ങുന്നു

നമ്മുടെ ജീവനും
നമ്മുടെ ജീവിതവും
അമ്മയെന്ന പാത്രത്തിൽ
അലിഞ്ഞു ചേർന്നിരിക്കുന്നുവെപ്പൊഴേ

കാരുണ്യ നിധിയാണെന്നമ്മ

കാരുണ്യ ഹർഷമാണെന്നമ്മ

പക്ഷെ ഇപ്പോൾ ഒരു

നിലവിളി പോലെയെന്നമ്മ

മുഹമ്മദ് സഹദ്

**10 ബി**



-

# THE FLOOD

He saw the hill.Once it had a beauty.But now that left.Now it is a desert.His eyes are filled.He felt a deep pain in his heart.He stood and looked the hill.H remembered his old life.

The sun arise up the hills.The people of Dharmagiri are work up.The suns of Dharmagiri went to fields.They started singing and working.That is the rejoice of them.But, the years are overed.The newgeneration went to Dharmagiri.They forgot the rejoice of work.They concentreted with study and new systems.
They started to destroying to the Dharmagiri.

In the times a old man lived in Dharmagiri.He was the oldest farmer in the village.All days he will go the field.And he will work morning to evening.All the people are jocking with him.Because the technologies are growthed at Dharmagiri.So,all the farmers are lost this work.

One day a man visited the village.His near had the president of Dharmagiri.The man said un to the villagers:we are need to make a city in this village.So,dear

people if you support our plan,we will make a city here.So many people are support the plan.But the old man was hated the project.Then fore the villagers are alon with him.He told the villagers:they will destroyed our village.They will cut our trees,flat our hills.So,don't take our village.But the villagers are dislike that matter.

After months,started the work at Dharmagiri.The hills are flated,and the trees are cutted.After one year a big city growth from the village. But the old man was farmed.But he can't never got the fruitfull items.He exhausted.

After one year the rain drops are touched the village.

But it had very hard.The Darmagiri was under the water.All the peoples are daid.So many people are missed.The old man was exhausted.Now,he living to the camp.He looked the Dharmagiri hills.He remembered his prediction is what a currect.The villagers knew the praise of the old man's world.But the old man was linked the flood water to save the villagers.The people sorrowed.They cried to them falls.But the old man if is not heard.

**Beause he linked the flood water.**

**Anjana 9b**

# വീട്ടിലെ നിശബ്ദത

സൂര്യാസ്തമയ സമയത്ത് വീട്ടിൽ തിരിച്ചെത്തുന്ന രാമു.ആദ്യം കണ്ടത് വീടിനു മുന്നിൽ തടിച്ചു കൂടിയ ആൾക്കൂട്ടം ആണ്.രാമു ഭാര്യയെ ചെന്ന് കാണുന്നതിന് മുമ്പ് കണ്ടത് തന്റെ മകൾ ജാനകിയെ  വെള്ള പുതപ്പിച്ച് കിടത്തിയതാണ്.രാമുവിന് ഇത് കണ്ട് സഹിക്കാനായില്ല.രാമു ഓടിച്ചെന്ന് തന്റെ മകളെ കെട്ടിപ്പിടിച്ച് കരഞ്ഞു.അതിനിടയിൽ രാമു ഓർത്തു - ഞാനാണ് തെറ്റുകാരൻ.ഒരേ ഒരു മകളല്ലേ ഉള്ളൂ എന്ന് ഓർത്തിട്ട് ജാനകിയുടെ ആഗ്രഹങ്ങൾ സാധിച്ചു കൊടുത്തു.അവളുടെ തെറ്റ് തിരുത്തിയില്ല.അവൾ ചോദിച്ച ഒരാഗ്രഹമായിരുന്നു ഒരു സ്കൂട്ടി.അവളുടെ ആഗ്രഹമായത് കൊണ്ട് രാമു അത് സാധിച്ചു കൊടുത്തു.

പിന്നെ രാമു തന്റെ കൂട്ടുകാരനായ ബാലനെ കണ്ട് കാര്യം അന്വേഷിച്ചു.അപ്പോൾ ബാലൻ പറഞ്ഞു. തന്റെ മകൾ അലസമായി സ്കൂട്ടി ഓടിച്ച് ഒരു ലോറിയുമായി ഇടിച്ചു.മകളുടെ സഞ്ചയനം കഴിഞ്ഞു.പിന്നെ ജാനകി ഇല്ലാത്ത വീട് എന്നും നിശബ്ദമായിരുന്നു.

devananda
**5th A**

# ഓർമ്മ

മനസ്സിന്റെ ഉള്ളിൽ തേങ്ങലായി
മറഞ്ഞുപോയ ഓർമ്മകൾ ഒന്നുമാത്രം
ചിന്തകളിൽ എപ്പോഴും
സന്തോഷത്തിൻ ദിനങ്ങൾ മാത്രം
പലവർണ്ണമേകുന്ന ചിത്രശലഭങ്ങൾ
നിറങ്ങളാൽ ഓർമ്മകളെ പുതുക്കിടുന്നു
വിരിഞ്ഞുനിൽക്കുന്ന പൂവിലെ ഇതളുകളെ-
പോൽ ഓർമ്മയുടെ ജാലകം തുറന്നിടുന്നു
തുളസി കതിർത്തുമ്പുപോലെ ഉതിർന്നു-
പോകുന്ന എന്നിലെ ഓർമ്മകളും
മനസ്സിൽ തേങ്ങലായി ഓർമ്മകളിലെ
പുഞ്ചിരിയൊന്നു മാത്രം
സ്നേഹിക്കുവാനുംകരയിപ്പിക്കുവാനും
താലോലിച്ചിരുന്നൊരച്ഛനും സ്നേഹിച്ചിരു-
ന്നൊരമ്മയും എന്നും കൂടെയുണ്ടായിരുന്നു
ഓർമ്മയുടെ പുതുജാലകം തുറക്കുന്ന നിമിഷം
എന്നിലെ ചിന്തകൾ വിങ്ങിപ്പൊട്ടി
നഷ്ടപ്പെടുന്ന ജീവന്റെ തുടിപ്പ്
എന്നുള്ളിലെ തേങ്ങലിനു കാരണമായി

സന്തോഷമാർന്ന ജീവിതം പോയി
സങ്കടത്തിൻ ദിനങ്ങൾ മാത്രം
മനസ്സിൻെറ ഉള്ളിൽ തേങ്ങലായി
മറഞ്ഞുപോയ ഓർമ്മകൾ മാത്രം
മറഞ്ഞുപോയ ഓർമ്മകൾ മാത്രം

അശ്വതി പി.വി
ഏഴാം തരം

# പുകവലി ആരോഗ്യത്തിന് ഹാനികരം

മനുഷ്യൻെറ ആരോഗ്യത്തെ ബാധിക്കുന്ന ഒരു ലഹരി പദാർത്ഥമാണ് പുകവലി.ഇത് മനുഷ്യനെ ഓരോ ദിവസവും ഇഞ്ചിഞ്ചായി കൊല്ലുന്നു.ഇത് അവൻെറ കുടുംബം തകർക്കുന്നു.

പുകവലി ഉപയോഗിക്കുന്നതിലൂടെ അവന് ശാരീരികമായും മാനസികമായും മാറ്റങ്ങൾ സംഭവിക്കുന്നു.ഇത് അവനെ സ്നേഹിക്കുന്നവരുടെ ജീവിതത്തെ ബാധിക്കുന്നു.കുടുംബത്തിലുണ്ടായ സ്നേഹവും സമാധാനവും തകരുന്നു.

സമൂഹത്തിലും കുടുംബത്തിലും അവൻെറ വിലയും സ്ഥാനവും ഇല്ലാതാക്കുന്നു.

ഇത് ഉപേക്ഷിക്കുന്നതിൻെറ ഫലമായി അവൻെറ ജീവിതത്തിൽ സമാധാനം കൈവരികയും അവനെ മറ്റുള്ളവർ സ്നേഹിക്കുകയും ചെയ്യുന്നു.സമൂഹത്തിൽ അവൻ നിലയും വിലയും ഉണ്ടാകുന്നു.

**പുകവലിക്ക് വലിയ വില നൽകേണ്ടി വരും.**

കാഞ്ഞിരപ്പൊട്ടില്

ലേഖനം

# അനാഥമാകുന്ന വാർദ്ധക്യം

## വിഷയം:വൃദ്ധദിനം

**അ**വർ വൃദ്ധസദനത്തിലെ ജനാലയിലൂടെ പുറത്തേക്ക്

നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. തന്റെ ബാല്യ കാലവും വിവാഹവും കുടുംബവും വാർദ്ധക്യവും ആ മാതാവിന്റെ ഓർമ്മകളുടെ മരക്കൊമ്പിൽ പൂത്തു നിൽക്കുന്ന പുഷ്പങ്ങളായി മാറി. ഭർത്താവിന്റെ മരണവും അതിനു ശേഷം മകന്റെ വീട്ടിലേക്ക് താമസം മാറിയപ്പോൾ മരുമകളുടെയും പേരക്കുട്ടികളുടെയും അവഗണനയും വെറുപ്പും ആ അമ്മയുടെ മനസ്സിൽ വേദനയുടെ ചെണ്ട കൊട്ടി. മകൻ അമ്മയ്ക്കു വേണ്ടി നൽകിയ ഔദാര്യമായിരുന്നു. ആ വൃദ്ധ സദനം.

ജാനകിയമ്മേ ഇന്ന് പുതിയൊരു അംഗം കൂടി ഇവിടെ വന്നിട്ടുണ്ട്.ഈ ഭൂമിയിൽ നിങ്ങൾക്ക് ഒരു കൂട്ടായി വൃദ്ധസദനത്തിലെ മാനേജർ ഓർമ്മകളുടെ ആഴങ്ങളിലേക്ക് മുങ്ങിപ്പോയ ജാനകിയമ്മയെ വിളിച്ചുണർത്തി. ജാനകിയമ്മ അവരെ ചെറുപുഞ്ചിരിയോടെ സ്വാഗതം ചെയ്തു. മാനേജർ റൂമിൽ നിന്ന് പുറത്തേക്ക് പോയി.

"എന്താ പേര്" - ജാനകിയമ്മ ചോദിച്ചു

"കല്യാണി "

"ഇനി നമുക്ക് റൂമിൽ ഒന്നിച്ചു കഴിയാം "

"ഇവിടെ നമ്മളെ പോലെ ഒത്തിരി പേരുണ്ടോ ?"

“ഉണ്ട് . ഞാനിവിടെ വന്നിട്ട് ഒരാഴ്ചയേ ആയിട്ടുള്ളൂ.കഴിഞ്ഞ മാസം എന്റെ ഭർത്താവ് മരിച്ചു . പിന്നെ മകന് ഞാൻ ഇവിടെ കഴിയുന്നതാണ് കൂടുതൽ നല്ലതെന്ന് കരുതിക്കാണും .

"ജാനകിയമ്മയ്ക്ക് ഒരു മകനേയുള്ളൂ"

അല്ല നാല് മക്കളുണ്ട്. മൂന്ന് ആൺ മക്കളും ഒരു പെണ്ണും ?

മൂത്തവൻ ഗൾഫിലാണ് .രണ്ടാമത്തെ മകൻ ബോംബയിലാണ് .മകൻ വിവാഹം കഴിഞ്ഞുപോയി.അവൾ ഇടയ്ക്ക് വന്ന് സുഖം അന്വേഷിച്ച് പെൻഷൻ വിഹിതം വാങ്ങിപ്പോകും ഇളയമകളുടെ കൂടെയാണ് ഞാൻ താമസിച്ചത്.അവരുടെ പെരുമാറ്റവും നോട്ടവും കണ്ടാൽ ഞാൻ ഭീകരരൂപിയെന്നും തോന്നും.കൊച്ചുമകൾ പോലും എന്റെ അടുത്തുവരില്ല.ഇത്രയും പറഞ്ഞ് ആ അമ്മ വിതുമ്പാൻ തുടങ്ങി.ആ അമ്മയുടെ മനസ് പെയ്യാൻ വിതുമ്പിനിൽക്കുന്ന കാർമേഘം പോലെയായി.

‘സാരമില്ല,വയസായാൽ എല്ലാ മാതാപിതാക്കളുടേയും ഗതി ഇതു തന്നെ.മക്കൾ നനഞ്ഞ കടലാസിന്റെ വിലയേ നൽകുന്നില്ല.ഞാൻ ഇത്തരം അനുഭവങ്ങൾ സഹിച്ചു.എന്നെ എന്റെ മകൻ ഭ്രാന്താശുപത്രിയിൽ കൊണ്ടു വിട്ടു.എനിക്ക് ഭ്രാന്തുണ്ടോ എന്ന് എനിക്കറിയില്ല. ഞാൻ അവനെ ഭ്രാന്തമായി സ്നേഹിച്ചു.അവന്റെ കാര്യങ്ങളിലിടപെട്ടു. അത് മകൻെറ കണ്ണിൽ ഭ്രാന്തായി മാറി . എന്നെ അവൻ കാണാൻ പോലും വന്നില്ല . ആശുപത്രി അധികൃതരാണ് ഇവിടെ കൊണ്ടുവിട്ടത് . ഇരുവരുടേയും മുഖത്ത് സങ്കടവും പരിഭവവും തളം കെട്ടി നിന്നു. അവർ കുറേ നേരം സംസാരിച്ചു. മാതൃത്വം അനുഭവിച്ചവരാണ് ഇരുവരും. അവർ എത്രത്തോളം സന്തോഷിച്ചിരുന്നോ, അത്രതന്നെ മക്കൾ അവരെ വേദനിപ്പിച്ചു.

സൂര്യനും ചന്ദ്രനും പലതവണ വന്നുദിച്ചു. വൃദ്ധസദനത്തിൽ അംഗങ്ങൾ കൂടിക്കൊണ്ടിരുന്നു. ആ ദിവസം പതിവില്ലാതെ അലങ്കരിച്ചിരുന്നു. നല്ല തയ്യാറെടുപ്പുകളും അവിടെയുള്ള മക്കൾ അനാഥരാക്കിയ

വൃദ്ധജനങ്ങൾ പുതിയ വസ്ത്രങ്ങൾ ധരിച്ച് ഒത്തുകൂടി. അതിനിടയിലേക്ക് വൃദ്ധസദനത്തിൻറെ മാനേജർ വന്നു. അയാൾ എല്ലാവരോടുമായി പറഞ്ഞു .

"ഇന്ന് നിങ്ങളുടെ ദിനമാണ് . വൃദ്ധരുടെ ദിനം. നിങ്ങൾ നിങ്ങളുടെ മക്കൾക്കുവേണ്ടി എത്ര ത്യാഗം ചെയ്തു. പക്ഷേ അവർ നിങ്ങളെ ത്യജിച്ചു. നാളെ ഞാനും ഇങ്ങനെയാകാം. ഇന്ന് ഇവിടേക്ക് നിങ്ങളുടെ മക്കളെയെല്ലാം വിളിച്ചു വരുത്തിയിട്ടുണ്ട്. "

അവിടത്തെ കൊച്ചു കൊച്ചു സന്തോഷങ്ങൾ തേടുന്ന വൃദ്ധരുടെ ഇടയിലേക്ക് വലിയ ലക്ഷ്യവുമായി ജീവിക്കുന്ന മക്കൾ വന്നു. മിക്കവരും നല്ല ഗമയിൽ പ്രൗഢിയോടെയാണ് വരവ് .

**അവരുടെ കൂടെ ഭാര്യമാരും കുട്ടികളും ഉണ്ടായിരുന്നു. അവർ അച്ഛനമ്മമാരുടെ അടുത്തേക്ക് നടന്നു. മിക്ക മക്കളും ഒരു നിയമംമെന്ന വണ്ണം വൃദ്ധരായ മാതാപിക്കളുടെ അടുത്ത് പോയിരുന്നു .**

നമ്മുടെ കേരളം കഴിഞ്ഞ വർഷവും ഈ വർഷവുമായി ദുരിതമനുഭവിച്ചു കൊണ്ടിരിക്കുന്നത് പ്രളയം എന്ന വൻ കാരണമാണ്.എനിക്ക് ലഭിച്ചിരിക്കുന്ന വിഷയം "നമ്മുടെ പ്രളയം നിമിത്തമുള്ള കേരളത്തിന്റെ പുനർ നിർമാണത്തിനായുള്ള കുട്ടികളുടെ പങ്കാളിത്തമാണ്."

നൂറ്റാണ്ടിലെ പ്രളയം എന്നാൽ ഓരോ നൂറ്റണ്ടിലും വരുന്ന പ്രളയമാണ്. പക്ഷെ നമ്മുടെ കേരളത്തിൽ തുടർച്ചയായ രണ്ട് വർഷവും (2018-19) പ്രളയം അനുഭവപ്പട്ടിരിക്കുന്നു.അതിൽ ധാരാളം ജനങ്ങളുടെയും , ജീവി കളുടെയും ജീവൻ ഒലിച്ചു പോയിരിക്കുന്നു.ധാരാളം പേരുടെ വീടുകളും പ്രമാണങ്ങളും എന്തിന് പറയണം , കുട്ടികളുടെ സ്കൂൾ പുസ്തകമടങ്ങിയ സകല വസ്തുക്കളും പ്രളയത്തിന്റെ വായിൽ അകപ്പെട്ടിരിക്കുകയാണ്. പ്രളയത്തിൽ പെട്ടവരെ രക്ഷിക്കാനായി വ്യോമസേന , നാവികസേന,കരസേന എന്നീ വിഭാഗങ്ങൾ കഠിന പ്രയത്നം ചെയ്തവരാണ് മറ്റുള്ള എല്ലാവരേക്കാളും ഈ ദൗത്യത്തിൽ പങ്കാളികളായത് പാവപ്പട്ടവന്റെ സൈന്യം എന്ന

വിശേഷിപ്പിക്കപ്പെടുന്ന കേരളത്തിന്റെ സ്വന്തം മത്സ്യത്തൊഴിലാളികളാണ് . മത്സ്യത്തൊഴിലാളികൾ സ്വന്തം മുതുക ചവിട്ടി പോലും രക്ഷാപ്രവർത്തനത്തെ ദൗത്തായത്തിൽ ഏർപ്പെടുന്നത് നമ്മൾ സകല വാർത്താവിനിമയങ്ങളിലൂടെയും ദർശിച്ചതാണ്. പ്രളയത്തിൽ നഷ്ടപ്പെട്ട വസ്തുക്കളുടെ പുനർ നിർമാണത്തിനായി നമുക്ക് വിദേശ രാഷ്ട്രങ്ങളുടെ സഹായവും , മലയാളി പ്രവാസികളുടെ സഹായവും കേന്ദ്രത്തിന്റെ സഹായവുമെല്ലാം ലഭിച്ചതാണ്.ധാരാളം ആൾക്കാർ പ്രളയത്തിൽ പെട്ടവർക്ക് വസ്ത്രം, സോപ്പ്, പുതപ്പ് എന്നിങ്ങനെയുള്ള പ്രാഥമിക ജീവിതത്തിന് അത്യാവശ്യമായ സാധനങ്ങൾ കൊടുത്ത് സാന്ത്വനമായതും നമുക്കറിയാവുന്നതാണ്.അതിൽ നമ്മൾ പലതും ഏർപ്പെടുന്നു.പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമാണത്തിന് നമ്മൾ ഇനിയും സംഭാവന ചെയ്താൽ എല്ലാം നഷ്ടപ്പട്ടവർക്ക് ഒരു പുതു ജീവൻ നൽകാൻ സാധിക്കും . പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമാണത്തിന് കുട്ടികളുടെ പരിശ്രമത്തിന്റെ പങ്ക്  വളരെ വിലപ്പെട്ടതാണ്. അതിനായി കുട്ടികൾ സ്കൂളിൽ നിന്ന് ചെറിയ തുകകൾ സമാഹരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയിലേക്ക് സംഭാവന ചെയ്യുന്നത് വളരെ വാർത്തയായതാണ്. ഇനിയും കുട്ടികൾ തുകകൾ പിരിച്ച് സംഭാവന ചെയ്താൽ അതൊരു വലിയ സാന്ത്വനമാണ്.അല്ലെങ്കിൽ   കുട്ടികൾ കുറച്ച് മരങ്ങൾ നട്ടുപിടിപ്പിക്കുക, കുട്ടികൾ തങ്ങളുടെ വസ്ത്രങ്ങൾ ദുരിതബാധിതർക്ക് ഏൽപ്പിക്കുക, രക്ഷിതാക്കളോട് ദുരിതാശ്വാസ സംഭാവന നൽകാൻ പറയുക. എന്നിവ നമുക്ക് ചെയ്യാൻ സാധിക്കുന്നതാണ്.

കുട്ടികൾ ഓരോ ഗ്രൂപ്പായി വീടുകൾ തോറും കേറിയിറങ്ങി ശരിയായ ജീവിത സൗകര്യങ്ങൾ ഇല്ലാത്തവർക്ക് പരസ്പരം പണം പിരിച്ച് അവർക്ക് വേണ്ട സാധനങ്ങൾ വാങ്ങി കൊടുക്കുക മാധവ് ഗാഡ്ഗിൽ കണ്ടെത്തിയ സോയിൽ പൈപ്പ് നിർമ്മാണം എല്ലാ സ്ഥലങ്ങളിലും എത്തിക്കാൻ കഴിഞ്ഞാൽ അതൊരു വലിയ സാന്ത്വനമായി മാറും.

നമ്മൾ കുട്ടികൾക്ക് ചെയ്ത് കൊടുക്കാൻ സാധിക്കുന്ന മറ്റൊരു മാർഗ്ഗമാണ് "ജീവിതശൈലലികളെക്കുറിച്ചുള്ള കുട്ടികൾക്ക് നടത്താൻ

സാധിക്കുന്ന ബോധവൽക്കരണ  ക്ലാസ്."അതിൽ കുട്ടികൾ മരങ്ങൾ നട്ടുപിടിപ്പിക്കാൻ എല്ലാവരോടും ആവശ്യപ്പെടുകയും ,പ്രളയം ബാധിച്ച ഭാഗത്തുള്ളവർ തിളപ്പിച്ച വെള്ളം മാത്രമേ കുടിക്കാവുള്ളൂ എന്നും അവിടുത്തെ മണ്ണ് പരിശോധന വിധേയമാക്കണമെന്നും തീർച്ചയായും രേഖപ്പെടുത്തേണ്ടതാണ് .

കേരളം മുഴുവനും വെള്ളത്തിലായപ്പോൾ, അതിനുശേഷം വീടുകളിൽ പല മാലിന്യങ്ങളും, ചപ്പ് ചവറുകളും അടിഞ്ഞുകൂടിയിട്ടുണ്ടാകും . അതെല്ലാം വൃത്തിയാക്കാൻ വേണ്ടി കുട്ടികളുടെ ഒരു **സംഘം രൂപീകരിച്ചാൽ അത് പ്രളയ പുനർനിർമ്മാണത്തിന് വലിയ സംഭാവനയായിരിക്കും പ്രളയപുനർനിർമ്മാണത്തിന് ഇനിയും കുട്ടികളുടേയും മുതിർന്നവരുടേയും സാന്നിധ്യം വളരെ അത്യന്താപേക്ഷിതമാണ് . ഇനിയും എല്ലാവരും പ്രളയ പുനർ നിർമ്മാണ കേരളത്തിന്റെ സാന്ത്വനപ്രവർത്തനത്തിൽ ഏർപ്പെടുക.**

കവിത

# അമ്മയെ സ്നേഹിക്കാം

ഒരു കുഞ്ഞുപൂവിനെ ഇളം തെന്നൽ
തഴുകുന്ന പോലെയാണമ്മതൻ സ്നേഹം
മാനത്തിരുന്ന് ചിരിക്കും സൂര്യനെ
പോലെയാണമ്മതൻ സ്നേഹം
നിലാവായി പൊഴിക്കുന്ന ചന്ദ്രനെ
പോലെയാണമ്മതൻ സ്നേഹം
രുചിയുള്ള മാമ്പഴം രസമോടെ നുണയുന്ന
പോലെയാണമ്മതൻ സ്നേഹം
പക്ഷെ - ഓർക്കുക നമ്മൾ
അമ്മതൻ സ്നേഹവും തൻ മുലപ്പാലിൻ മാധുര്യവും
വൃദ്ധരായീടുന്ന മാതാപിതാക്കളും
അതിനോടൊപ്പം വൃദ്ധസദനങ്ങളും
അനാഥരായീടുന്ന മാതാപിതാക്കാളെ
തള്ളല്ലേ...പെരുവഴിയിൽ

ശ്രീഷ്മ.വി.വി
5.എ

കവിത

# മഴ മണ്ണിലേക്ക്

വിങ്ങിനിൽക്കുന്ന മണ്ണിൻെറ നെഞ്ചിലേക്ക്
നിറധരായി വർഷിച്ചീടുമ്പോൾ
ഉള്ളുണങ്ങിക്കരിഞ്ഞു തുടങ്ങിയ നേരം
ആ മണ്ണിന് ശക്തിയേകി
കത്തിജ്വലിച്ചുനിൽക്കുന്ന വേനലിൽ
ഇടവം ചെറുകുടപിടിച്ചു നിൽക്കുന്ന
മഴവെള്ളം ആഴത്തിലൊഴുകിയെത്തി
വേരിന് നനവാർന്ന് മണ്ണിന് കുളിരേകി
ശോഷിച്ചുപോയ തണ്ടിന്
പുതുതളിരിലകൾ സമ്മാനിച്ച്
കുളിരു നൽകിയ നാളുകൾ എങ്ങോ-
പോയ് മറഞ്ഞു എങ്കിലും
ഇനി വരുന്ന വേനലിൽ കുളിരായി
തണലായി ഒരായിരം  പ്രതീക്ഷകൾ
മണ്ണിൻെറ മനസ്സിൽ അപ്പോഴും
ഒരായിരം കിനാവുകൾ പൂത്തുലഞ്ഞു

ഷോഹിമ എം.എസ്      ഏഴാം തരം

# മധുരം കിനിയും കൽകഷണം

**അ**പ്പുണ്ണിയും അമ്മിണിയും ഉമ്മറത്തിരുന്ന് കളിക്കുകയായിരുന്നു.അപ്പോ-ൾ അമ്മ വരുന്നത് കണ്ടു.അമ്മയുടെ കയ്യിൽ കൽകഷണം ഉണ്ട്.അപ്പുണ്ണി വാങ്ങി തീറ്റ തുടങ്ങി.അമ്മിണിക്കുട്ടി ചിണുങ്ങിക്കൊണ്ട് ചോദിച്ചു,അപ്പു-ണ്ണിയേട്ടാ ഒരു കഷണം തരുമോ?അപ്പുണ്ണി സ്നേഹത്തോടെ പറഞ്ഞു,ഇ-താ എടുത്തോളൂ.അമ്മിണിക്കുട്ടി വേഗം ഒരു കൽകഷണം എടുത്ത് വായി-ലിട്ടലിയിച്ചു.ഹായ് നല്ല മധുരം.കുറച്ച് മുറ്റത്തെ ചക്കരമാവിലെ തത്തമ്മയ്ക്ക് കൊടുത്താലോ?അപ്പു സമ്മതിച്ചു.അമ്മിണിക്കുട്ടി വേഗം കൽകഷണമെടു-ത്ത് ചക്കരമാവിന്റെ ചുവട്ടിലെത്തി.താഴത്തെ കൊമ്പിൽ തന്നെ കൊഞ്ചി തത്തമ്മയുണ്ടായിരുന്നു.അമ്മിണി പറഞ്ഞു,കൊഞ്ചിതത്തേ ഇതാ കൽക-ഷണം.ഹായ് കൽകഷണം,എന്റെ രണ്ടു മക്കൾക്കും കൽകഷണം വലിയഇഷ്ടമാ.കൊഞ്ചിതത്ത കൽകഷണം തന്റെ രണ്ടു കുഞ്ഞുങ്ങളുടെയും ചുണ്ടിൽ വച്ചു കൊടുത്തു.അവർ ഹായ് ഹായ് എന്ന് പരഞ്ഞ് കൽകഷണം നുണഞ്ഞു.കൊഞ്ചി തത്തയ്ക്ക് സന്തോഷമായി.


ഗംഗ കൃഷ്ണ
**5 എ**


# എന്റെ നാട്


എന്റെ നാട് എന്റെ നാട് എന്റെ നാട്
കേരളമെൻ കൊച്ചു നാട്
കാടും പുഴകളും പാടും നാട്
പാലൊഴി ചിതറുന്ന നാട്
കവികോകിലങ്ങൾ പിറന്ന നാട്
കളകളമൊഴുകുന്ന പുഴകൾതൻ-
ഭംഗിയിൽ മതിമറന്നൊഴുകും നാട്
മതവും ജാതിയും ഇല്ലാതെ മനുഷ്യർ
ഒരുമിച്ചു നിൽക്കും നാട്
തലയുയർത്തി നിൽക്കുംതെങ്ങോല-
കളുടെ കാന്തി നിറയും നാട്
എന്റെ നാട് എന്റെ നാട് എന്റെ നാട്
കേരളമെൻ കൊച്ചു നാട്

അനാമിക അനിൽ
**5A**
**GHS Kanhirapoil**



SAVE NATURE





by,
കാർത്തിക 7-B


by,
ASWATHI.P.V
7.B


SAVE NATURE



# Don’t Cut Trees


Prajeesha. V
9B


6A


BY
Rejith. S


Gangakrishna.




# THANKS

**KANHIRACHOTTIL**
**Digital Magazine**
**GHS Kanhirapoil**